പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1876 — 14.7.2011-ൽ മറുപടിക്ക്

## ഏലൂരിലെ എച്ച്.ഐ.എൽ. വീണ്ടും പ്രവർത്തിപ്പിക്കാൻ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.എളമരം കരീം:<br>" എം.ഹംസ:<br>" ജെയിംസ് മാത്യു:<br>ശ്രീമതി.കെ.എസ്.സലീഖ: | ശ്രീ.അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പു മന്ത്രി) |
| (എ) മലിനീകരണ നിയന്ത്രണബോർഡിന്റെ ഉത്തരവു പ്രകാരം പ്രവർത്തനം നിർത്തിയ ഏലൂരിലെ എച്ച്.ഐ.എൽ. വീണ്ടും പ്രവർത്തിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. ഏലൂരിലെ എച്ച്.ഐ.എൽ. എന്ന സ്ഥാപനത്തിന് 27.5.2011മുതൽ തുടർന്നു പ്രവർത്തിക്കുവാൻ നിബന്ധനാ വിധേയമായി അനുമതി നൽകിയിട്ടുണ്ട്. |
| (ബി) എങ്കിൽ എന്തെങ്കിലും നിർദ്ദേശങ്ങൾക്ക് വിധേയമായി പ്രവർത്തിക്കാനാണോ തീരുമാനിച്ചിട്ടുള്ളത്; സർക്കാർ വച്ചിട്ടുള്ള നിർദ്ദേശങ്ങൾ എന്താണ്; | (ബി) അതെ. നിബന്ധനാ വിധേയമായി പ്രവർത്തനാനുമതി കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നൽകിയിട്ടുണ്ട്. സർക്കാരും മലിനീകരണ നിയന്ത്രണ ബോർഡുമായി കമ്പനി അധികൃതർ 26.5.2011-ന് നടത്തിയ ചർച്ചയിൽ ടി കമ്പനിയിലെ പോണ്ടിലെ ഡി-സ്ലഡ്ജിംഗ് പ്രവർത്തനങ്ങൾ 31.12.2011-നു മുമ്പായും മറ്റുള്ള മലിനീകരണ നിയന്ത്രണ സംബന്ധമായ ജോലികൾ 31.3.2012നു മുമ്പായും പൂർത്തിയാക്കണമെന്നും ഉള്ള നിർദ്ദേശം കമ്പനി അധികൃതർ സമ്മതിച്ചതിനെ തുടർന്ന് ബോർഡ് നൽകിയിരുന്ന അനുമതി-പത്രത്തിലെ വ്യവസ്ഥകളിൽ ഭേദഗതി വരുത്തി 27.5.2011 മുതൽ കമ്പനി തുടർന്നു പ്രവർത്തിക്കുവാൻ അനുമതി നൽകി. 27.5.2011-ന് നൽകിയ പ്രവർത്തനാനുമതിയിലെ പ്രധാന വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു.<br>1. അനുമതിപത്രത്തിന്റെ കാലാവധി 31.3.2012 വരെ മാത്രമായി പുനർനിർണ്ണയിച്ചു.<br>2. എൻഡോസൾഫാന്റെ ഏതെങ്കിലും രൂപത്തിലുള്ള നിർമ്മാണം കമ്പനിയിൽ നടത്തുവാൻ പാടുള്ളതല്ല.<br>3. മുൻകാലങ്ങളിൽ ശേഖരിച്ചിട്ടുള്ള ഖര ലഗൂണുകളിലെയും മാലിന്യം ഡി-സ്ലഡ്ജിംഗ് ജോലികൾ 31.12.2011-നു മുമ്പ് പൂർത്തിയാക്കണം. ഈ സ്ലഡ്ജ് അനുയോജ്യമായ KEIL-ന്റെ പൊതു ഹസാർഡസ് വേസ്റ്റ് സ്റ്റോറേജ് ട്രീറ്റ്മെന്റ്. ഡിസ്പോസൽ ഫെസിലിറ്റിയിൽ |

| | |
|---|---|
| | നിർമാർജ്ജനം ചെയ്യണം.<br>4. 31.3.2012-ന് മുൻപായി യൂണിറ്റിനുള്ളിലൂടെയുള്ള നാച്ചുറൽ ഡ്രെയിൻ വൃത്തിയാക്കണം.<br>5. ഡീ-സ്ലഡ്ജ് ചെയ്യുന്ന ലഗൂണുകളോട് ചേർന്നുള്ള കാടും പടലും 31.3.2012-നു മുൻപായി നീക്കം ചെയ്യണം.<br>6. ഡീ-സ്ലഡ്ജിംഗിന്റെ മാസം തോറുമുള്ള പുരോഗതി ഏലൂരുള്ള ബോർഡിന്റെ സർവൈലൻസ് സെന്ററിലും എറണാകുളത്തുള്ള ബോർഡിന്റെ ജില്ലാ ഓഫീസിലും ബോർഡിന്റെ കേന്ദ്ര ഓഫീസിലും അറിയിക്കണം. |
| (സി) പ്രവൃത്തി പുനരാരംഭിക്കാനുള്ള തീരുമാനത്തിനു മുമ്പ് ഇതു സംബന്ധിച്ച് പ്രത്യേകം വിലയിരുത്തുകയുണ്ടായോ; വിശദമാക്കാമോ? | (സി) 23.5.2011-ന് ബോർഡിന്റെ ചെയർമാൻ, മെമ്പർ സെക്രട്ടറി, ചീഫ് എൻവയൺമെന്റൽ എഞ്ചിനീയർ, സീനിയർ എൻവയൺമെന്റൽ എഞ്ചിനീയർ, എൻവയൺമെന്റൽ എഞ്ചിനീയർ സർവൈലൻസ് സെന്റർ എന്നിവരടങ്ങിയ സംഘം കമ്പനി സന്ദർശിച്ച് കമ്പനിയിൽ നിന്നുള്ള ഖരമാലിന്യ നിർമാർജ്ജന പ്രവർത്തനങ്ങളുടെ പുരോഗതികൾ നിരീക്ഷിച്ച് വിലയിരുത്തിയിരുന്നു. |

സെക്ഷൻ ഓഫീസർ